**തലശ്ശേരി മുനിസിപ്പാലിറ്റി**
**പിൻ കോഡ്- 670101**
**GSTIN:32AAALS3288A1ZA ഫോൺ നമ്പർ : 0490-2320051**
**https://thalasserymunicipality.lsgkerala.gov.in,**
**thalasserymunicipality@gmail.com**

**നമ്പർ: 6521868-2026** **തീയതി : 20-08-2026**

തലശ്ശേരി നഗരസഭ

17.08.2026

## അറിയിപ്പ്

തലശ്ശേരി നഗരസഭാ പരിധിയിൽ പരസ്യബോർഡ്, ബാനർ മുതലായവ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള കരട് ഉപനിയമാവലി അന്തിമമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പൊതുജനങ്ങളുടെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊള്ളുന്നു. കരട് നിയമാവലി നഗരസഭ ഓഫീസ് നോട്ടീസ് ബോർഡിലും നഗരസഭ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആയത് നോട്ടീസ് തീയതി മുതൽ 30 ദിവസത്തിനകം നഗരസഭ കാര്യാലയത്തിൽ രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ഉള്ളടക്കം :- കരട് ബൈലോ

സെക്രട്ടറി

# തലശ്ശേരി നഗരസഭ
# ബൈലോ

**ആർ4–1613426/25** **05/06/2025**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 567–ാം വകുപ്പിന്റെ (2), (9), (11) (32) ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും ടി ആക്ടിലെ 272,273, 274, 275 എന്നീ വകുപ്പുകളും, 1994 ലെ കേരള മുനിസിപ്പാലിറ്റി പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും, സ്വകാര്യ സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകൾ, ഹോർഡിങുകൾ സ്ഥാപിക്കൽ ചട്ടങ്ങൾ പ്രകാരവും തലശ്ശേരി നഗരസഭ താഴെ പറയുന്ന നിയമാവലി ഉണ്ടാക്കുന്നു.

## 1 ചുരുക്ക പേരും വ്യാപ്തിയും പ്രാരംഭവും

1) ഈ നിയമാവലിക്ക് തലശ്ശേരി നഗരസഭ പരസ്യബോർഡുകൾ, ഹോർഡിംഗുകൾ, ബാനറുകൾ, കമാനങ്ങൾ സ്ഥാപിക്കൽ സംബന്ധിച്ച ബൈലോ എന്ന പേര് പറയാം.
2) ഇത് തലശ്ശേരി നഗരസഭ ഒട്ടാകെ വ്യാപ്തി ഉണ്ടായിരിക്കും.
3) തലശ്ശേരി നഗരസഭാ കൗൺസിൽ തീരുമാനിക്കുന്ന തീയ്യതി മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതായി കണക്കാക്കും.

## 11 നിർവ്വചനങ്ങൾ

1) **'സെക്രട്ടറി'** എന്നാൽ തലശ്ശേരി നഗരസഭ സെക്രട്ടറി എന്നർത്ഥമാകുന്നു.
2) **കെട്ടിടം** എന്നാൽ കല്ലോ, മരമോ ഇഷ്ടികയോ മറ്റേതെങ്കിലും സാധനം കൊണ്ടോ ഉണ്ടാക്കിയ വാസയോഗ്യമായതും ഒരു നിലയിലോ ബഹു നിലയിലോ ആയ കോൺക്രീറ്റ് കെട്ടിടം അല്ലെങ്കിൽ എടുപ്പ് എന്നർത്ഥമാകുന്നു.
3) **വാഹനം** എന്നാൽ 1998 ലെ മോട്ടോർ വാഹന ആക്ടിലെ (1998 ലെ 59–ാം നമ്പർ കേന്ദ്ര ആക്ട്) അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.
4) "പൊതുതെരുവ്" എന്നാൽ ഒരു പൊതു നിരത്തായിരുന്നാലും അല്ലെങ്കിലും പൊതുജനങ്ങൾക്ക് വഴിയായി ഉപയോഗിക്കുവാൻ അവകാശമുള്ളതായ ഏതെങ്കിലും തെരുവ്, റോഡ്, ഇടവഴി വഴി അല്ലെങ്കിൽ നടപ്പാത എന്നർത്ഥമാകുന്നു.
5) സ്ഥലങ്ങൾ – പൊതു സ്ഥലങ്ങൾ, സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ എന്നർത്ഥമാക്കുന്നു.
6) **ചുമരുകൾ** എന്നാൽ എന്തെങ്കിലും കെട്ടിടം, എടുപ്പ്, മതിൽ, കോമ്പൗണ്ട് വാൾ എന്നിവയുടെ ചുമരുകൾ എന്നർത്ഥമാകുന്നു.
7) കമാനം എന്നാൽ ഇരുമ്പുകൊണ്ടോ ശക്തിയുള്ള സാധനങ്ങൾകൊണ്ടോ പൊതുനിരത്തിന് കുറുകയോ കാൽനടയാത്രക്കാർക്ക് തടസ്സമാകുന്ന രീതിയിൽ നടപ്പാതയ്ക്ക് പിന്നിലായി ആർച്ച് ആകൃതിയിലോ കുത്തനെയോ മറ്റെന്തെങ്കിലും രീതിയിലോ ജനശ്രദ്ധ ആകർഷിക്കത്തക്ക വിധത്തിൽ നിർമ്മിക്കുന്ന കമാനം അല്ലെങ്കിൽ കവാടം എന്നർത്ഥമാകുന്നു.
8) **"പരസ്യബോർഡുകൾ"** ചതുരത്തിലോ ദീർഘ ചതുരത്തിലോ മറ്റേതെങ്കിലും ആകൃതിയിലോ നാലുചുറ്റും ബലപ്പെടുത്തിയതോ മറ്റേതെങ്കിലും ലോഹ നിർമ്മിതമോ മരമോ അല്ലാതെയോ ഉപയോഗിച്ച ജനശ്രദ്ധ ആകർഷിക്കുന്ന തരത്തിൽ പ്രദർശിപ്പിക്കപ്പെടുന്ന പരസ്യബോർഡുകൾ എന്നർത്ഥമാകുന്നു.
9) **"ഹോർഡിംഗുകൾ"** കെട്ടിടത്തിനു മുകളിലോ പൊതു, സ്വകാര്യ സ്ഥലങ്ങളിലോ സ്ഥാപിച്ചിട്ടുള്ള 12 ചതുരശ്ര മീറ്ററിന് മുകളിലുള്ള ബോർഡുകൾ എന്നർത്ഥമാകുന്നു.

III നഗരസഭാ സെക്രട്ടറിയുടെ അനുവാദം കൂടാതെ നഗരസഭ പ്രദേശത്തിനുള്ളിലെ ഏതെങ്കിലും പൊതു സ്ഥലത്തോ, സ്വകാര്യസ്ഥലത്തോ റോഡ് പുറമ്പോക്കിലോ പൊതു കളിസ്ഥലങ്ങളിലോ, ചുമരിനുമേലോ, പരസ്യ പലകമേലോ മരത്തിലോ എടുപ്പിൻമേലോ, അല്ലെങ്കിൽ എടുപ്പിൻമുകളിലോ കുത്തനെ നിർത്തുകയോ ഉറപ്പിച്ചു നിർത്തിക്കൊണ്ട് സ്ഥാപിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്തോ ആകാശത്തോ പൊതുജനശ്രദ്ധക്കായി പ്രദർശിപ്പിക്കാനോ ചെയ്യാൻ പാടില്ലാത്തതാണ്.

IV യാതൊരുവിധ കമാനങ്ങളും പരസ്യ ഹോർഡിംഗുകളും ബോർഡുകളും നഗരസഭ നിശ്ചയിച്ചിരിക്കുന്ന റോഡുകൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജംഗ്ഷനുകൾ, ട്രാഫിക് ഐലന്റുകൾ, സ്മാരകങ്ങൾ എന്നിവയിൽ സ്ഥാപിക്കുവാൻ പാടുള്ളതല്ല.

V കൗൺസിൽ അംഗീകരിക്കുന്ന നിയമാവലിക്ക് വിധേയമായി, നിബന്ധനകൾ അനുസരിച്ചു മാത്രമേ പരസ്യബോർഡുകൾ സ്ഥാപിക്കുവാൻ പാടുള്ളൂ.

VI ഫുട്പാത്തിൽ കൂടി സഞ്ചരിക്കുന്ന കാൽനടയാത്രക്കാർക്ക് അസൗകര്യം ഉണ്ടാക്കുന്ന തരത്തിൽ യാതൊരു കമാനമോ, പരസ്യബോർഡോ സ്ഥാപിക്കുവാൻ പാടില്ലാത്തതും പരസ്യബോർഡ് സ്ഥാപിക്കുന്നതിന് നഗരസഭ അനുമതി നൽകുന്നപക്ഷം ടാർ/കോൺക്രീറ്റ് ചെയ്ത ഭാഗത്തിൽ നിന്നും പൊതുജനങ്ങൾക്ക് അസൗകര്യമില്ലാത്ത അകലത്തിൽ മാത്രം സ്ഥാപിക്കേണ്ടതുമാണ്.

VII കമാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി പതിനാല് ദിവസത്തേക്ക് മാത്രമായിരിക്കും. എന്നാൽ കൂടുതൽ സമയം ആവശ്യമുള്ളതാണെങ്കിൽ അപേക്ഷ നൽകുന്ന മുറയ്ക്ക് ഒരു തവണകൂടി പുതുക്കി നൽകുന്നതിന് സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കും. കമാനങ്ങൾ പൊളിച്ചു നീക്കം ചെയ്ത ഉടനെ ആവശ്യമായ അറ്റകുറ്റപണികൾ അപേക്ഷകൻ ചെയ്യേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തി നഗരസഭ നേരിട്ടും അപേക്ഷകന്റെ നഷ്ടോത്തരവാദിത്വത്തിൽ നടത്തുന്നതും ആയതിന്റെ ചെലവ് അപേക്ഷകൻ ഒടുക്കിയ ഡിപ്പോസിറ്റ് സംഖ്യയിൽ നിന്നും ഈടാക്കുന്നതും, തികയാതെ വരുന്ന തുക വസ്തുനികുതി കുടിശ്ശിക ഈടാക്കുന്ന നടപടി ക്രമമനുസരിച്ച് അപേക്ഷകരിൽ നിന്നും ഈടാക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.

VIII കമാനം, പരസ്യബോർഡുകൾ തൂണുകൾ എന്നിവ സ്ഥാപിക്കുന്നത് വൈദ്യുതി ലൈനിൽ നിന്നുള്ള അപകടസാധ്യത ഒഴിവാക്കി കൊണ്ടായിരിക്കണം. കമാനമോ, പരസ്യബോർഡോ, തൂണോ, പൊതുസ്ഥലങ്ങളിലോ, സ്വകാര്യ സ്ഥലങ്ങളിലോ സ്ഥാപിച്ചതുമൂലം എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വം സ്ഥാപിച്ച വ്യക്തി/സ്ഥാപനത്തിന് മാത്രമായിരിക്കും. ഇക്കാര്യത്തിൽ നഗരസഭക്ക് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

IX 3 നിലയിൽ കൂടുതലുള്ള കെട്ടിടങ്ങളുടെ മുകളിൽ പരസ്യബോർഡ് സ്ഥാപിക്കുവാൻ അനുവദിക്കുന്നതല്ല.

X നിലത്ത് സ്ഥാപിക്കുന്ന ഹോർഡിംഗുകളുടെ മൊത്തം ഉയരം പരമാവധി 8 മീറ്റർ ആയും, കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുന്നവയുടെ മൊത്തം ഉയരം സ്ലാബിൽ നിന്നും 6 മീറ്റർ ആയും പരസ്യബോർഡുകളുടെ പരമാവധി ഉയരം 6 മീറ്ററായും നീളം പരമാവധി 15 മീറ്ററുമായി നിജപ്പെടുത്തിയിരിക്കുന്നു.

XI 12 സ്ക്വയർ മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള എല്ലാ ബോർഡുകൾക്കും ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതും ഹോർഡിംഗിന് എഞ്ചിനീയറിൽ നിന്നുള്ള സ്ട്രക്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

XII പരസ്യ ഹോർഡിംഗ്/കമാനങ്ങൾ എന്നിവ സ്ഥാപിക്കാനുദ്ദേശിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവർ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ ലൊക്കേഷൻ പ്ലാൻ, സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, കെട്ടിട ഉടമ/സ്ഥല ഉടമ ഡിപ്പാർട്ട്മെന്റ് സമ്മതപത്രം എന്നിവ സഹിതം സ്ഥാപിക്കാനുദ്ദേശിക്കുന്നതിന് 15 ദിവസം മുമ്പ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 24 സ്ക്വയർ ഫീറ്റ് അളവിന് മുകളിലുള്ളവ സ്ഥാപിക്കുന്നതിന് 200/-രൂപയുടെ മുദ്രപത്രത്തിൽ നഗരസഭാ സെക്രട്ടറിയുമായി ഉടമ്പടി വെക്കേണ്ടതാണ്. (അപേക്ഷ ഫോറം, മുദ്രപത്രത്തിൽ എഴുതി തയ്യാറാക്കേണ്ട ഉടമ്പടി എന്നിവയുടെ മാതൃക അനുബന്ധമായി 1 ആയി ചേർത്തിക്കുന്നു.

XIII പരസ്യബോർഡുകൾ/ഹോർഡിംഗുകൾ/ബാനറുകൾ തുടങ്ങിയവയിൽ ഉൾക്കൊള്ളിക്കുന്ന പരസ്യം/അറിയിപ്പ് എന്നിവയുടെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രകോപനപരമായതും മതവികാരം വ്രണപ്പെടുത്തുന്നതും കൊലപാതക ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ബീഭൽസമായ രംഗങ്ങൾ ചിത്രീകരിക്കുന്നതുമായ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി ഉണ്ടായിരിക്കുന്നതല്ല.

XIV നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ, നഗരസഭ പുറമ്പോക്ക് ഭൂമി എന്നിവയിൽ സ്ഥാപിച്ച പരസ്യബോർഡുകൾ/ഹോർഡിംഗുകൾ/ ബാനർ/ കമാനങ്ങൾ എന്നിവയ്ക്ക് നഗരസഭ നിശ്ചയിച്ചിട്ടുള്ള തറവാടക ഈടാക്കുന്നതായിരിക്കും (തറവാടക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

XV പരസ്യബോർഡുകൾ/ഹോർഡിംഗുകൾ/കമാനങ്ങൾ/ബാനറുകൾ എന്നിവ സ്ഥാപിക്കുന്നതിന് നഗരസഭ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള പരിശോധന ഫീസ്, ലൈസൻസ് ഫീസ്, ഡെപ്പോസിറ്റ് എന്നിവ ഒടുക്കേണ്ടതാണ്. ടി നിരക്കുകളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കൗൺസിലിൽ അധികാരമുണ്ടായിരിക്കും (പരിശോധന ഫീസ്, ലൈസൻസ് ഫീസ്, ഡിപ്പോസിറ്റ് എന്നിവയുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു)

XVI അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം ഹോർഡിംഗുകൾ/കമാനങ്ങൾ/ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷയിൽ തീർപ്പുകൽപ്പിക്കേണ്ടതും അംഗീകാരം പുതുക്കുന്നതിനുള്ള അപേക്ഷകളിൽ 10 ദിവസത്തിനകം തീർപ്പു കൽപ്പിക്കേണ്ടതുമാണ്. (നിശ്ചിത സമയപരിധി കഴിഞ്ഞ് ലഭ്യമാകുന്ന അപേക്ഷയിൽ 100/- രൂപ പിഴ ഈടാക്കുന്നതായിരിക്കും.

XVI1 24 സ്ക്വയർ ഫീറ്റ് താഴെയുള്ള ബോർഡുകൾക്കുള്ള അപേക്ഷ ലഭിച്ച 3 ദിവസത്തിനകം തീർപ്പ് കൽപ്പിച്ച് നൽകേണ്ടതാണ്. പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് ലഭിക്കുന്ന അനുമതി പത്രത്തിൽ നഗരസഭ അനുവദിച്ചിട്ടുള്ള ലൈസൻസ് നമ്പർ, കാലാവധി എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

XVIII അനധികൃതമായി പരസ്യബോർഡുകൾ സ്ഥാപിക്കുന്നവർക്കെതിരെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 275 വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

XIX ഹോർഡിംഗുകൾ/പരസ്യബോർഡുകൾ എന്നിവയ്ക്ക് ഒരു വർഷം കാലാവധി ഉണ്ടായിരിക്കുന്നതും കാലാവധി പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. ഉപയോഗം അവസാനിക്കുമ്പോൾ പരസ്യ ബോർഡുകൾ നീക്കം ചെയ്യേണ്ട ചുമതല ഇവ സ്ഥാപിക്കുന്നതിന് അനുമതി വാങ്ങുന്ന വ്യക്തി/സ്ഥാപനത്തിനായിരിക്കും. തീയ്യതി വെച്ചുള്ള പ്രോഗ്രാം അവസാനിക്കുന്ന തീയ്യതി ഉപയോഗിച്ച് അവസാനിക്കുന്ന തീയ്യതിയായും, തീയ്യതി വയ്ക്കാത്ത സ്ഥാപനങ്ങളുടെയും മറ്റും പരസ്യങ്ങൾക്ക് പരമാവധി ഒരു വർഷമായി പിന്നീടുള്ള തീയ്യതി ഉപയോഗം അവസാനിച്ച തീയ്യതിയായും നിശ്ചയിക്കേണ്ടതാണ്. പരസ്യം

കൂടുതൽ സമയത്തേക്ക് നിലനിർത്തണമെങ്കിൽ കാലാവധി അവസാനിക്കുന്നതിന് 15 ദിവസത്തിന് മുമ്പാകെ ഇത് സംബന്ധിച്ച അനുമതി വാങ്ങേണ്ടതാണ്. നിശ്ചിത സമയപരിധി കഴിഞ്ഞ് ലഭ്യമാകുന്ന അപേക്ഷയിൽ 100/- രൂപ പിഴ ഈടാക്കുന്നതായിരിക്കും.

XX പ്രദർശിപ്പിക്കുന്ന ബോർഡുകൾ/ബാനറുകൾ ഉപയോഗം അവസാനിക്കുന്ന തീയ്യതിക്ക് ശേഷം 7 ദിവസത്തിനള്ളിൽ സ്ഥാപിച്ചവർ തന്നെ എടുത്തുമാറ്റേണ്ടതാണ്. ഉപയോഗം അവസാനിക്കുന്ന തീയ്യതി കഴിഞ്ഞ് 7 ദിവസത്തിനുശേഷവും എടുത്തുമാറ്റാത്തപക്ഷം ബന്ധപ്പെട്ട വ്യക്തി/സ്ഥാപന/സംഘടനയുടെ നഷ്ടോത്തരവാദിത്വത്തിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 275 പ്രകാരവും ഈ ഉപനിയമത്തിലെ ഖണ്ഡിക 7 പ്രകാരവും നടപടി സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

XXI ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച രാഷ്ട്രീയ പാർട്ടിയുടെയും അവരുടെ യുവജന, തൊഴിൽ, സാംസ്ക്കാരിക സംഘടനകളുടെയും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾക്കുള്ള പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് ഫീസ് ഒരു ബോർഡിന് 10/-രൂപ (അളവ് പരിഗണിയ്ക്കാതെ) അടക്കേണ്ടതാണ്. അത്തരം ബോർഡുകൾക്ക് അനുബന്ധം (4) ലെ നിരക്കുകൾ ബാധകമല്ല.

XXII ലൈസൻസ് നൽകുന്നതും പുതുക്കി നൽകുന്നതും സംബന്ധിച്ച് ഒരു രജിസ്റ്റർ സെക്ഷനിൽ വിവരങ്ങൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (അനുബന്ധം 4 കാണുക)

XXIII അതാത് സമയം നിലവിലുള്ള നിരക്കിലുള്ള ജി.എസ്.ടി (ലൈസൻസ് ഫീയുടെ 18% )പരസ്യം സ്ഥാപിക്കുന്ന ആളുകൾ അടക്കേണ്ടതാണ്. ആവശ്യമായ തുക ഒടുക്കിയാൽ സെക്രട്ടറിയുടെ പക്കൽ നിന്നും ലഭ്യമാകുന്ന അനുമതി പത്രം അടങ്ങിയ സ്റ്റിക്കർ/സീൽ ഓരോ വ്യക്തിയും/ഓരോ സ്ഥാപനങ്ങളും പരസ്യബോർഡുകളിൽ താഴെ വലതുവശത്ത് നിർബന്ധമായും പ്രദർശിപ്പിക്കേണ്ടതാണ്. അപ്രകാരം സ്റ്റിക്കർ/സീൽ പതിക്കാത്ത പരസ്യങ്ങളെ അനധികൃതമായി കണക്കാക്കി നടപടി സ്വീകരിക്കുന്നതാണ്.

1) കണ്ണൂർ ജില്ലയിൽ ഫ്ളക്സ് നിരോധനം നടപ്പിലാക്കിയിട്ടുള്ളതിനാൽ പി.വി.സി. ഫ്ളക്സ് ബോർഡുകൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. പ്ലാസ്റ്റിക്ക് കോട്ടിങ്ങ് ഇല്ലാത്ത കോട്ടൺ തുണികൾ മാത്രം ഉപയോഗിക്കുക.
2) മെറ്റീരിയൽ പ്രിന്റ് ചെയ്യുമ്പോൾ 100 ശതമാനം റീസൈക്കിൾ ചെയ്യാവുന്നതും. 100 ശതമാനം പി.വി.സി ഫ്രീ എന്ന ലോഗോയും ഉപയോഗം അവസാനിക്കുന്ന തീയ്യതിയും പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേര്, ഫോൺ നമ്പർ, പ്രിന്റിംഗ് നമ്പർ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.
3) മെറ്റീരിയൽ പ്രിന്റ് ചെയ്ത് കൊടുക്കുന്ന സ്ഥാപനങ്ങൾ ഉപയോഗ ശേഷം തിരിച്ചേൽപ്പിക്കുന്ന ബാനറുകൾ ഉപഭോക്താവിൽ നിന്നും തിരിച്ച് എടുക്കേണ്ടതാണ്. ഈ അറിയിപ്പിന് ശേഷം നഗരസഭാപരിധിയിൽ ഫ്ളക്സ് ബോർഡ്/ബാനർ സ്ഥാപിക്കുകയോ ചെയ്യുന്നത് കുറ്റകരമാണ്.
4) ബഹു. കോടതി നിർദ്ദേശങ്ങളും ഉത്തരവുകളും കേന്ദ്ര സംസ്ഥാന സർക്കാറുകൾ പരിസ്ഥിതി വിഷയവുമായി ബന്ധപ്പെട്ട അതാത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി രിക്കുന്നതാണ്.

XXIV ഹോർഡിംഗുകൾ സ്ഥാപിക്കുമ്പോൾ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിരിക്കണം. ശക്തമായ കാറ്റിലും മഴയിലും ഹോർഡിംഗുകൾ മറിഞ്ഞ് വീണ് അപകടം ഉണ്ടാകാതിരിക്കാൻ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ചെയ്തിരിക്കണം. അപകടങ്ങൾ ഉണ്ടാകുന്നപക്ഷം ആയത് മൂലമുണ്ടാകുന്ന നഷ്ടം ഹോർഡിംഗുകൾ സ്ഥാപിക്കുന്നവരിൽ നിന്നും ഈടാക്കുന്നതാണ്.

XXV ഹോർഡിംഗുകൾക്ക് വൈദ്യുതി കണക്ഷൻ ആവശ്യമുള്ളപക്ഷം കെ.എസ്.ഇ.ബി യുടെ നിബന്ധനകൾക്ക് വിധേയമായി മാത്രം വൈദ്യുതി കണക്ഷൻ ബോർഡ് സ്ഥാപിക്കുന്നവർ ലഭ്യമാക്കേണ്ടതാണ്.

XXVI നഗരസഭയുടെ അനുമതി ഇല്ലാതെയും നിബന്ധനകൾ പാലിക്കാതെയും ഏതെങ്കിലും പരസ്യബോർഡുകൾ സ്ഥാപിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് നോട്ടീസ് കൂടാതെ തന്നെ നീക്കം ചെയ്യുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും.

XXVII നഗരസഭയുടെ അനുമതിയോട് കൂടി സ്ഥാപിച്ചിട്ടുള്ള ഹോർഡിംഗുകൾക്ക് Govt. Of India, Govt. Of Kerala എന്നിവയുടെയോ, നഗരസഭയുടെയോ വികസന പ്രവർത്തനത്തിന്റെ ഭാഗമായി ഏത് സമയത്തും നീക്കം ചെയ്യുന്നതിന് നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

XXVIII ബഹു. കേരള ഹൈക്കോടതിയുടെ 22750/18, 25784/18 എന്നീ റിട്ട് പെറ്റീഷനുകളിൻമേൽ 15.01.2019 ൽ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവ് പ്രകാരം പിടിച്ചെടുത്ത അനധികൃത പരസ്യബോർഡുകൾ/ബാനറുകൾ, ഹോർഡിങ്ങുകൾ/കൊടി തോരണങ്ങൾ എന്നിവ നിശ്ചിത ഫീസ്/ഫൈൻ ഈടാക്കി സ.ഉ (സാധാ) നം. 113/2019/തസ്വഭവ സർക്കുലറിലെ നിർദ്ദേശ പ്രകാരം കൈയ്യൊഴിയുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

XXIX നഗരസഭ പ്രത്യേകമായി നിശ്ചയിച്ച സ്ഥലങ്ങളിൽ നഗരസഭാ കൗൺസിൽ/സെക്രട്ടറി നിശ്ചയിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നിരക്കുകൾ നിബന്ധനകൾക്കും മാറ്റങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ബൈലോയിൽ മാറ്റം വരുത്തുന്നതിനുള്ള മുഴുവൻ അധികാരം നഗരസഭ കൗൺസിൽ/സെക്രട്ടറി എന്നവർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

അനുബന്ധം I (അപേക്ഷ ഫോറം)

അനുബന്ധം II പരസ്യബോർഡുകൾ സ്ഥാപിക്കുന്ന വ്യക്തി/സ്ഥാപനം/സംഘടന എന്നിവർ സെക്രട്ടറിയുമായി ഒപ്പുവെക്കുന്ന കരാർ ഉടമ്പടി.

<u>അനുബന്ധം III തറവാടക (ഒരു ച. മീ.)</u>

| | |
|---|---|
| ബോർഡ് (ഒരു മാസത്തേക്ക്) | : 200 |
| ബാനർ (ഒരു മാസത്തേക്ക) | : 100 |
| കമാനങ്ങൾ (14 ദിവസത്തേക്ക്) | : 750 |

**<u>അനുബന്ധം IV ലൈസൻസ് ഫീസ്</u>**

**<u>ഹോർഡിംഗ്</u>**

| | |
|---|---|
| 1) പരിശോധന ഫീസ് | : 100 |
| 2) ലൈസൻസ് ഫീസ് | : 1 ച. മീ. വരെ 500/- രൂപ,<br>2 മുതൽ 4 ച. മീ. വരെ ഓരോ ച.മീറ്ററിനും 400/- രൂപ വീതം<br>4 ച. മീറ്ററിന് ശേഷം ഓരോ ച. മീറ്ററിനും 200/- രൂപ വീതം |
| 3) ഡപ്പോസിറ്റ് | : 5000 |

**ബോർഡുകൾ**

| | |
|---|---|
| 1) പരിശോധന ഫീസ് | 100 |
| 2) ലൈസൻസ് ഫീസ് (ഒരു മാസത്തേക്ക്) | |
| (a) സ്വകാര്യ സ്ഥലത്ത് : | 180/ച.മീ. |
| (b) നഗരസഭ സ്ഥലത്ത് : | 50/ച.മീ. |
| 3) ഡപ്പോസിറ്റ് | 1000 |

**കമാനങ്ങൾ**

| | |
|---|---|
| 1) പരിശോധന ഫീസ് | 100 |
| 2) ലൈസൻസ് ഫീസ് (14 ദിവസത്തേക്ക് ) | 50/ച.മീ. |
| 3) ഡപ്പോസിറ്റ് | 2000 |

**ബാനറുകൾ**

| | |
|---|---|
| 1) പരിശോധന ഫീസ് | 50 |
| 2) ലൈസൻസ് ഫീസ് (ഒരു മാസത്തേക്ക്) | 30/ച.മീ. |
| 3) ഡപ്പോസിറ്റ് | 500 |

മേൽ ബൈലോ തലശ്ശേരി നഗരസഭാ കൗൺസിലിന്റെ 25.05.2025 ലെ 2–ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

സെക്രട്ടറി
തലശ്ശേരി നഗരസഭ.